"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് - അച്ചടി വകുപ്പ് - 2024 ലെ സർക്കാർ ഡയറി (ഇംഗ്ലീഷ് & മലയാളം ) 99000 എണ്ണം അച്ചടിച്ച് കേയ്സ് ബൈൻഡിങ് ചെയ്യുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.114/2023/SPD തീയതി,തിരുവനന്തപുരം, 09-10-2023

---

പരാമർശം:-
1. 26.07.2023-ലെ സ.ഉ. (സാധാ) 3462/2023/പൊഭവ നമ്പർ ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 02/08/2023 ലെ 5551/2023/ജി5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2024 ലെ സർക്കാർ ഡയറി (ഇംഗ്ലീഷ് & മലയാളം ) 99000 എണ്ണം അച്ചടിച്ച് കേയ്സ് ബൈൻഡിങ് 78,00,000/- രൂപ ചെലവിൽ ചെയ്യുന്നതിന് ഭാരണാനുമതിയും നൽകുന്നതിനും 2058-00-103-99-24-M&S ശീർഷകത്തിൽ ടി ഫണ്ടും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി, 2024 വർഷത്തിലെ സർക്കാർ ഡയറി (ഇംഗ്ലീഷ് & മലയാളം ) 99000 എണ്ണം അച്ചടിച്ച് കേയ്സ് ബൈൻഡിങ് ചെയ്യുന്നതിന് ഭരണാനുമതി നൽകിയും പ്രസ്തുത പ്രവൃത്തിക്കാവശ്യമായ 78,00,000/- രൂപ ( എഴുപത്തിയെട്ട് ലക്ഷം രൂപ മാത്രം) 2058-00-103-99-24-M&S ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അച്ചടി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, I & PRD.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu V K
Date: 10-10-2023 12:36:57
സെക്ഷൻ ഓഫീസർ